ദുബായ് ലോട്ടറി നറുക്കെടുപ്പിൽ വീണ്ടും പ്രവാസി തിളക്കം

അബുദാബി: ദുബായ് ഡ്യൂട്ടി ഫ്രീ നറുക്കെടുപ്പിൽ പ്രവാസിക്ക് ഒരു മില്യൺ ഡോളറിന്റെ (ഏകദേശം ഒൻപത് കോടി രൂപ) ജാക്ക്പോട്ട്. ഭാനു ശോഭനിയെന്ന 40കാരനാണ് 5വർഷത്തെ കാത്തിരിപ്പിനൊടുവിൽ ലോട്ടറിയടിച്ചത്. സെപ്തംബർ 2ന് പോളണ്ടിലേക്കുള്ള ബിസിനസ് യാത്രക്കിടെയാണ് ഭാനു നറുക്കെടുപ്പിന്റെ 2 ടിക്കറ്റ് വാങ്ങിയത്. ഒന്ന് മില്ലേനിയം മില്യണർ ഡ്രോയിന്റെയും ഒന്ന് റേഞ്ച് റോവറിന്റേയുമായിരുന്നു. ഇതിൽ മില്യണർ ഡ്രോയിന്റെ ഭാഗ്യമാണ് ഭാനുവിനെ തേടിയെത്തിയത്.സമ്മാനനേട്ടം ആദ്യം വിശ്വസിക്കാനായില്ലെന്നും ലോട്ടറിയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് പരിശോധിച്ചപ്പോഴാണ് വിശ്വാസമായതെന്നും ഭാനു പറഞ്ഞു. സന്തോഷവാർത്ത ആദ്യം അമ്മയെയാണ് അറിയിച്ചത്. തുടർന്ന് ഭാര്യയെ വിളിച്ചു. പത്തുവർഷമായി ദുബായിൽ കുടുംബത്തോടൊപ്പം താമസിക്കുകയാണ് ഭാനു. ബർ ദുബായിൽ ടെക്സ്റ്റൈൽസ് ആന്റ് ഗാർമെന്റ് ഫാക്ടറി നടത്തുന്നു. 13, ആറ് വയസുകാരായ പെൺമക്കൾക്കും ഭാര്യക്കും അമ്മയ്ക്കുമൊപ്പമാണ് താമസം. ദുബായിൽ സ്വന്തമായി നാല് വില്ലകളുണ്ട്.

സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം

പത്രത്തിന്റെ

ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com

www.swathanthramandapam.com വാല്യം: 62 ലക്കം: 167 2026 സെപ്തംബർ 24 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

കർത്തയുടെ ഡയറിയിൽ നേതാക്കൾക്ക് പണം നൽകിയ രേഖകൾ; പുറത്തുവിട്ട് ഷോൺ ജോർജ്



തിരു: സി.എം.ആർ.എൽ കേസുമായി ബന്ധപ്പെട്ട് പ്രമുഖ രാഷ്ട്രീയ നേതാക്കൾക്ക് പണം നൽകിയതിന്റെ പേരുവിവരങ്ങളുള്ള നിർണായക ഡയറിക്കുറിപ്പ് പുറത്തുവിട്ട് ബി.ജെ.പി നേതാവ് ഷോൺ ജോർജ്. സി.എം.ആർ.എൽ എം.ഡി ശശിധരൻ കർത്തയുടെ ഡയറിയിലെ പേജുകളാണ് പുറത്തുവിട്ടത്. കേന്ദ്ര അന്വേഷണ ഏജൻസിയായ എസ്.എഫ്.ഐ.ഒ കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിന്റെ അനുബന്ധ രേഖകളിലുള്ളതാണ് ഈ വിവരങ്ങൾ. മുഖ്യമന്ത്രി വി.ഡി. സതീശൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ എന്നിവരുൾപ്പെടെ ഭരണ-പ്രതിപക്ഷ നിരയിലെ പ്രമുഖ രാഷ്ട്രീയ നേതാക്കൾ സി.എം.ആർ.എല്ലിൽ നിന്ന് പണം കൈപ്പറ്റിയെന്ന വിവരങ്ങളാണ് രേഖകളിലുള്ളത്.

മുതിർന്ന യു.ഡി.എഫ്, എൽ.ഡി.എഫ് നേതാക്കൾക്ക് തുക കൈമാറിയ വിവരങ്ങളാണ് ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വി.ഡി. സതീശന് അഞ്ച് ലക്ഷം രൂപയും, പി. രാജീവിന് മൂന്ന് ലക്ഷം രൂപയും, എം.വി. ഗോവിന്ദന് അഞ്ച് ലക്ഷം രൂപയും കൈമാറിയതായി രേഖയിൽ കാണാം.

ഇതുകൂടാതെ മുൻ മുഖ്യമന്ത്രിമാരായ ഉമ്മൻ ചാണ്ടി (10 ലക്ഷം രൂപ), വി.എസ്. അച്യുതാനന്ദൻ ('വി.എസ്. അച്ചു'), രമേശ് ചെന്നിത്തല, ഹൈബി ഈഡൻ (2 ലക്ഷം രൂപ), ബെന്നി ബെഹനാൻ (3 ലക്ഷം രൂപ), കെ. മുരളീധരൻ, ജി. സുധാകരൻ, എളമരം കരീം, ടി.എം. ജേക്കബ്, ഷിബു ബേബി ജോൺ, പന്ന്യൻ രവീന്ദ്രൻ, സി.കെ. ചന്ദ്രപ്പൻ, കെ. ചന്ദ്രൻപിള്ള ഉൾപ്പെടെ ഇരുമുന്നണികളിലെയും പ്രമുഖരുടെ പേരുകളും അവർക്ക് നൽകിയ തുകയും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

കേസിൽ വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കാതെ സംസ്ഥാന സർക്കാർ തടസ്സവാദങ്ങൾ ഉന്നയിക്കുന്നതും തീരുമാനം വൈകിപ്പിക്കുന്നതും ഇരുമുന്നണിയിലെയും പ്രമുഖ നേതാക്കൾക്ക് പങ്കുള്ളതുകൊണ്ടാണെന്ന് ഷോൺ ജോർജ് ആരോപിച്ചു. കേസിൽ കൃത്യമായ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകാത്തതിനാലാണ് ഔദ്യോഗിക തെളിവുകളുടെ ഭാഗമായ ഡയറിക്കുറിപ്പ് പുറത്തുവിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ഡയറിയെക്കുറിച്ച് അന്വേഷിക്കട്ടെ

തൃശൂർ: മാസപ്പടിക്കേസിൽ സിഎംആർഎൽ എംഡി ശശിധരൻ കർത്തയുടെ ഡയറിയിൽ പണം കൈപ്പറ്റിയവരുടെ പട്ടികയിൽ തന്റെ പേരും ഉൾപ്പെട്ടതിൽ പ്രതികരിച്ച് മന്ത്രി കെ മുരളീധരൻ. ഡയറിയെക്കുറിച്ച് അന്വേഷിക്കട്ടെയെന്നും അതിന് കുഴപ്പമില്ലെന്നും അദ്ദേഹം പ്രതികരിച്ചു. നിയമം നിയമത്തിന്റെ വഴിക്ക് പോകണമെന്നും അദ്ദേഹം വ്യക്തമാക്കി. ശശിധരൻ കർത്തയുടെ ഡയറിയുടെ പേജ് പുറത്തുവിട്ട് ബിജെപി നേതാവ് ഷോൺ ജോർജ് രംഗത്തെത്തിയത് ചർച്ചയായതോടെയാണ് മന്ത്രിയുടെ പ്രതികരണം.

തിരഞ്ഞെടുപ്പ് കാലത്ത് പണം വാങ്ങിയിട്ടുണ്ടാകുമെന്നും തിരഞ്ഞെടുപ്പിന് പണം വാങ്ങുന്നതും അഴിമതിപ്പണവും രണ്ടും രണ്ടാണെന്നും അദ്ദേഹം പറഞ്ഞു. ഇഡി പറഞ്ഞത് കണ്ണടച്ച് വിശ്വസിക്കുന്ന സർക്കാരല്ല കേരളത്തിലേതെന്നും എന്നാൽ ഇഡി ഔദ്യോഗികമായി ഒരു കാര്യം ആവശ്യപ്പെട്ടാൽ നിർവഹിച്ചേ പറ്റൂവെന്നും കെ മുരളീധരൻ വ്യക്തമാക്കി.

സ്വർണക്കിരീടം കളവുപോയെങ്കിൽ അത് വലിയ വിഷയം, ശബരിമലയിൽ സിസ്റ്റത്തിന്റെ പരാജയം: കെ. ജയകുമാർ

തിരു : ശബരിമല സന്നിധാനത്തെ സ്ട്രോങ്റൂമിൽ സൂക്ഷിച്ചിരുന്ന 55.72 പവൻ തൂക്കമുള്ള സ്വർണക്കിരീടം കാണാതായ സംഭവത്തിൽ പ്രതികരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ. കിരീടം കാണാതായെന്ന് മാധ്യമങ്ങളിൽനിന്നാണ് അറിഞ്ഞത്. കിരീടം ശബരിമലയിൽ സൂക്ഷിക്കേണ്ടതാണോ ആറന്മുളയിലേക്ക് കൊണ്ടുപോകേണ്ടതാണോ എന്നൊന്നും റിപ്പോർട്ടിൽനിന്ന് മനസ്സിലാക്കിയിട്ടില്ല. അങ്ങനെ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് വീണ്ടുമൊരു ഞെട്ടലിലേക്ക് നയിക്കും. വിഷയം പഠിച്ചിട്ടില്ല. പഠിച്ചശേഷം വൈകുന്നേരത്തോടെ പ്രതികരിക്കാമെന്നും അദ്ദേഹം പറഞ്ഞു.

കളവ് പോയെങ്കിൽ അത് വളരെ വലിയ വിഷയംതന്നെയാണെന്നും ജയകുമാർ പറഞ്ഞു. സ്വർണക്കിരീടം ശബരിമലയിലെ സട്രോങ് റൂമിൽ ഇല്ലെങ്കിൽ ആറന്മുളയിലാണ് കാണേണ്ടത്. വേറെ എവിടെയും പോകാൻ പാടില്ല. ചിലപ്പോൾ നിത്യനിദാനപൂജകൾക്ക് ആവശ്യമാണെന്നോ മറ്റോ തന്ത്രി പറഞ്ഞിട്ടുണ്ടെങ്കിൽ അത് ശബരിമലയിൽ സൂക്ഷിക്കണം. അല്ലെങ്കിൽ അത് ആറന്മുളയിൽ കൊണ്ടുവെക്കണം, അദ്ദേഹം കൂട്ടിച്ചേർത്തു.

ജസ്റ്റിസ് ശങ്കരന്റെ കണക്കെടുപ്പിലാണ് ഇക്കാര്യം (സ്വർണക്കിരീടം കാണാതായത്) ബോധ്യമായത്. ആറന്മുളയിൽ കിരീടം ഇല്ലെങ്കിൽ അത് ശബരിമലയിലെ സിസ്റ്റത്തിന്റെ പരാജയമാണ്. സ്വർണം പോലുള്ള ഉരുപ്പടികൾ കൈകാര്യം ചെയ്യുമ്പോൾ കർശനമായ പ്രോട്ടോക്കോൾ പാലിക്കണം. ഈ സംഭവം കൊണ്ട് ദേവസ്വംബോർഡിൽ നിയന്ത്രണങ്ങളൊന്നുമില്ല എന്ന് പറഞ്ഞുകൂടാ. എത്രയോ ക്ഷേത്രങ്ങളിലെ സ്വർണം എടുക്കുകയും വെക്കുകയും ചെയ്യുന്നു. അതിന് മാനദണ്ഡങ്ങളുണ്ട്. ശബരിമലയിൽ ഇത് ആരാണ് എടുത്തുകൊണ്ടുപോയത്, എങ്ങനെയാണ് എന്ന് അന്വേഷണത്തിലൂടെ മാത്രമേ മനസ്സിലാക്കാനാകൂവെന്നും അദ്ദേഹം പറഞ്ഞു.

ശബരിമലയിൽനിന്ന് ഒന്നിനുപിറകേ ഒന്നായി മോഷണ വാർത്തകൾ വരുമ്പോൾ ഉള്ളിലൊരു ആശങ്കയില്ലേ എന്ന ചോദ്യത്തിന് ജയകുമാർ നൽകിയ മറുപടി ഇങ്ങനെ- സ്വർണക്കൊള്ളയെക്കുറിച്ചൊന്നും എനിക്ക് ആശങ്കയില്ല. കാരണം നമ്മൾ സ്വർണം എടുക്കുന്നില്ലല്ലോ. പക്ഷേ, അവിടുത്തെ സിസ്റ്റം പരാജയപ്പെടുന്നതിനെ കുറിച്ച് ആശങ്കയുണ്ട്. ഇങ്ങനെ പോയാൽ എങ്ങനെയാണ്. ആളുകൾ വിശ്വാസപൂർവം കൊണ്ടുവരുന്ന സാധനങ്ങൾ സൂക്ഷിക്കാൻ ശബരിമല അസമർഥമോ എന്നൊക്കെയുള്ള ചോദ്യങ്ങൾ തീർച്ചയായും ഉയരും. അതിന് അവിടുത്തെ സമ്പ്രദായങ്ങൾ കുറ്റമറ്റതാക്കണം. കോടതിയുടെ നിരീക്ഷണമുണ്ട്, സ്പെഷൽ കമ്മിഷണറുണ്ട്, വിജിലൻസുണ്ട്, ദേവസ്വം ബോർഡ് വിജിലൻസുണ്ട്. എല്ലാം ഉണ്ടായിട്ടും ഇങ്ങനെ സംഭവിക്കുന്നത് ആശങ്കപ്പെടുത്തുന്നുണ്ട്, അദ്ദേഹം പറഞ്ഞു.

2012-ൽ തമിഴ്നാട്ടിൽനിന്നുള്ള ഭക്തർ സമർപ്പിച്ച കിരീടമാണ് കാണാതായത്. തിരുവാഭരണങ്ങളുടെ കണക്കെടുപ്പിലാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. ഇപ്പോൾ സ്ട്രോങ് റൂമിലുള്ളത് അന്നുകിട്ടിയതിന്റെ അതേ വലിപ്പത്തിലും രൂപത്തിലുമുള്ള മുക്കുപണ്ടംകൊണ്ടുള്ള കിരീടമാണ്. വജ്രത്തിന് സമാനമായ വെള്ളക്കല്ല് പതിപ്പിച്ചിട്ടുമുണ്ട്.

'വി.സിയുടെ കാലാവധി കഴിഞ്ഞെന്ന് ചാൻസലർ'; കുഫോസ് വൈസ് ചാൻസലർ കേസ് തീർപ്പാക്കി സുപ്രീം കോടതി

ന്യൂഡൽഹി: കേരള ഫിഷറീസ് സർവകലാശാല വൈസ് ചാൻസലറായി നിയമിതനായ കെ. റിജി ജോണിന്റെ കാലാവധി കഴിഞ്ഞതിനാൽ കേസ് തീർപ്പാക്കണമെന്ന് ചാൻസലർ സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടു. ചാൻസലർക്ക് വേണ്ടി അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണിയാണ് ഈ ആവശ്യം സുപ്രീം കോടതിയിൽ ഉന്നയിച്ചത്. തുടർന്ന് ഹൈക്കോടതി വിധിക്കെതിരായ ഹർജികൾ ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അലോക് അരാധേ എന്നിവർ അടങ്ങിയ ബെഞ്ച് തീർപ്പാക്കി.

കേരള ഫിഷറീസ് സർവകലാശാല വൈസ് ചാൻസലർ നിയമനം റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരേ മുൻ സംസ്ഥാന സർക്കാരും പുറത്താക്കപ്പെട്ട വൈസ് ചാൻസലർ കെ. റിജി ജോണുമാണ് സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തിരുന്നത്. 2024-ൽ ആണ് ഹൈക്കോടതി വിധിക്കെതിരായ ഹർജി സുപ്രീം കോടതിയിൽ എത്തുന്നത്. എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി ഈ ഹർജി വിവിധ ദിവസങ്ങളിൽ കോടതിയിൽ ലിസ്റ്റ് ചെയ്തിരുന്നുവെങ്കിലും, വിശദമായ വാദം കേൾക്കൽ നടന്നിരുന്നില്ല.

ഇന്ന് കേസ് പരിഗണിച്ചപ്പോൾ തന്നെ ചാൻസലറായ ഗവർണർക്ക് വേണ്ടി ഹാജരായ അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണി വൈസ് ചാൻസലറുടെ കാലാവധി കഴിഞ്ഞെന്നും അതിനാൽ ഈ കേസിൽ ഇനി ഒന്നും അവശേഷിക്കുന്നില്ലെന്നും കോടതിയെ അറിയിച്ചു. കോടതിയും ഇതിനോട് യോജിച്ചു. തുടർന്നാണ് ഹർജി തീർപ്പാക്കിയത്. ഹർജിയിൽ ഉന്നയിച്ച നിയമ പ്രശ്നങ്ങൾ ഉചിതമായ മറ്റ് ഏതെങ്കിലും കേസുകളിൽ ഉന്നയിക്കാൻ അവസരം നൽകിയാണ് ഹർജി തീർപ്പാക്കിയത്. 2021 ജനുവരിയിൽ അഞ്ച് വർഷത്തേക്കാണ് റിജി ജോൺനെ കുഫോസ് വിസി ആയി നിയമിച്ചത്. ഈ കാലാവധി 2026 ജനുവരിയിൽ അവസാനിച്ചിരുന്നു.

കേരള ഫിഷറീസ് സർവ്വകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട കേസ് പരിഗണിക്കുന്നത് രണ്ടാഴ്ചത്തേക്ക് മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ അഭിഭാഷകൻ കത്ത് നൽകിയിരുന്നു. സുപ്രീം കോടതി രജിസ്ട്രാർക്ക് സർക്കാർ സ്റ്റാൻഡിങ് കോൺസൽ സയ്യദ് മർസൂഖ് ബാഫഖിയാണ് കത്ത് നൽകിയിരുന്നത്. കേസിൽ സർക്കാർ നിലപാട് അറിയാൻ ആയിരുന്നു സമയം തേടിയതെന്ന് കത്തിൽ മർസൂഖ് വ്യക്തമാക്കിയിരുന്നു.

പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് മുൻ അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ ആയിരുന്നു ഈ കേസിൽ സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരായിരുന്നു. കേരളത്തിൽ ഭരണമാറ്റം ഉണ്ടായ സാഹചര്യത്തിൽ സർക്കാർ നിലപാടിൽ മാറ്റം ഉണ്ടാകുമോ എന്ന ആകാംക്ഷ നിലനിന്നിരുന്നു. ഇതിനിടയിലാണ് കേസ് മാറ്റിവെക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ കോടതിക്ക് കത്തു നൽകിയത്.

സംസ്ഥാന സർക്കാരിന് വേണ്ടി സ്റ്റാൻഡിങ് കൗൺസൽ സയ്യദ് മർസൂഖ് ബാഫഖിയാണ് സുപ്രീം കോടതിയിൽ ഇന്ന് ഹാജരായത്. കെ. റിജി ജോണിന് വേണ്ടി സീനിയർ അഭിഭാഷകൻ ജയന്ത് മുത്തുരാജ്, അഭിഭാഷക ആൻ മാത്യു എന്നിവർ ഹാജരായി. എതിർകക്ഷിക്കാരനായ കെ.കെ. വിജയന് വേണ്ടി അഭിഭാഷകൻ പി.എസ്. സുധീർ ആണ് ഹാജരായത്.

60 ദിവസത്തെ വെടിനിർത്തൽ; ഹുർമുസ് കടലിടുക്ക് തുറക്കാം, യു.എസിന് മുന്നിൽ ഇറാന്റെ 'റോഡ്മാപ്പ്'

തെഹ്റാൻ: പശ്ചിമേഷ്യയെ വൻ പ്രതിസന്ധിയിലേക്ക് തള്ളിവിട്ട ഇറാൻ യുദ്ധത്തിന് വിരാമമിടുന്നതിനായി അമേരിക്കക്ക് മുമ്പിൽ ഇറാൻ സുപ്രധാന നിർദേശം സമർപ്പിച്ചതായി റിപ്പോർട്ട്. അറബ് രാജ്യങ്ങളിലേക്ക് ആക്രമണങ്ങൾ നിർത്തുക, പരമാവധി 60 ദിവസത്തേക്ക് മേഖലാതല വെടിനിർത്തൽ നടപ്പാക്കുക, ഹുർമുസ് കടലിടുക്ക് ഘട്ടംഘട്ടമായി വീണ്ടും തുറക്കുക, വിശാലമായ സമാധാന ചർച്ചകൾക്കായി സമയക്രമം നിശ്ചയിക്കുക എന്നിവയാണ് 'റോഡ്മാപ്പി'ലെ പ്രധാന കാര്യങ്ങളെന്ന് പ്രാദേശിക വൃത്തങ്ങളെ ഉദ്ധരിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

അമേരിക്കയും ഇറാനും തമ്മിലുള്ള സംഘർഷം അവസാനിപ്പിക്കുന്നതിന് ചർച്ചകൾ സജീവമായതിനിടെയാണ് പുതിയ നിർദേശം പുറത്തുവന്നത്. ഇറാന്റെ വ്യവസ്ഥകൾ അംഗീകരിച്ചാൽ ഹുർമുസ് കടലിടുക്ക് ഏഴ് ദിവസത്തിനുള്ളിൽ വീണ്ടും തുറക്കാൻ കഴിയുമെന്ന് ഇറാൻ അധികൃതർ നേരത്തെ വ്യക്തമാക്കിയിരുന്നു.

ന്യൂയോർക്കിൽ നടന്ന നയതന്ത്ര നീക്കങ്ങൾക്കിടെ ചർച്ചകൾക്ക് ഇപ്പോഴും സാധ്യതയുണ്ടെന്ന് ഇറാൻ അധികൃതർ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനിടെയാണ് ഇറാൻ സുപ്രധാന നിർദേശം സമർപ്പിച്ചിരിക്കുന്നത്. ഇറാന്റെ തുറമുഖങ്ങൾക്കെതിരായ അമേരിക്കൻ നാവിക ഉപരോധം പിൻവലിക്കുന്നതടക്കമുള്ള ആവശ്യങ്ങൾ കരാറിൽ ഉൾപ്പെടണമെന്നാണ് തെഹ്റാന്റെ നിലപാട്.

അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും നയതന്ത്രത്തിനുള്ള വാതിൽ തുറന്നുകിടക്കുകയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം, ഇറാനെതിരെ സൈനിക നടപടി സ്വീകരിക്കാനുള്ള സാധ്യതയും അമേരിക്ക നിലനിർത്തുന്നുണ്ട്.

മേഖലയിലെ ആക്രമണങ്ങൾ അറേബ്യൻ ഉപദ്വീപിന് ചുറ്റുമുള്ള കപ്പൽ ഗതാഗതത്തെയും അടിസ്ഥാന സൗകര്യങ്ങളെയും വലിയ രീതിയിൽ ബാധിച്ചിട്ടുണ്ട്. ഹുർമുസ് കടലിടുക്കിലൂടെയുള്ള ഗതാഗതത്തിന് സുരക്ഷ ഉറപ്പാക്കാനും സംഘർഷം കുറക്കാനും ഖത്തർ, പാകിസ്താൻ എന്നിവയടക്കമുള്ള രാജ്യങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ചർച്ചകൾ ഇപ്പോഴും പ്രാരംഭഘട്ടത്തിലാണ്.

ന്യൂയോർക്കിൽ ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അറാഗ്ചിയും മിഡിൽ ഈസ്റ്റ് സംബന്ധിച്ച യുഎസ് പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റ്കോഫും തമ്മിൽ നടന്ന ചർച്ചകൾ ഗുണകരമായിരുന്നുവെന്നും കരാറിലേക്കുള്ള നീക്കത്തിന് സാധ്യതയുണ്ടെന്നും യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നേരത്തെ പ്രതികരിച്ചിരുന്നു. എന്നാൽ ഐക്യരാഷ്ട്രസഭയിലെ പ്രസംഗത്തിൽ ട്രംപ് കൂടുതൽ സൈനിക നടപടി സ്വീകരിക്കണോ കരാറിലെത്താൻ ശ്രമിക്കണോ എന്നതിൽ തീരുമാനമെടുക്കേണ്ട സാഹചര്യമാണുള്ളതെന്ന ശക്തമായ മുന്നറിയിപ്പും നൽകിയിരുന്നു.

ന്യൂയോർക്കിൽ അവസാനിച്ച ചർച്ചകൾ പുതിയൊരു ചർച്ചാ ഘട്ടത്തിലേക്ക് നീങ്ങുമോയെന്നും വെടിനിർത്തൽ, ഹുർമുസ് കടലിടുക്ക്, ഉപരോധം തുടങ്ങിയ വിഷയങ്ങളിൽ ഇരുപക്ഷവും തങ്ങളുടെ ആവശ്യങ്ങളുടെ ക്രമത്തിൽ വിട്ടുവീഴ്ചക്ക് തയാറാകുമോയെന്നുമാണ് ലോകം ഉറ്റുനോക്കുന്നത്.

മുതലാളിമാരുടെ സൗജന്യംപറ്റിയുള്ള യാത്ര ഭരണഘടനാവിരുദ്ധം; ആരുടെ സ്പോൺസർഷിപ്പെന്ന് വ്യക്തമാക്കണം: ഗോവിന്ദൻ

തിരു : മുതലാളിമാരുടെ സൗജന്യത്തിൽ യാത്ര നടത്തുന്നത് തുടരുമെന്ന മുഖ്യമന്ത്രി വി.ഡി. സതീശന്റെ പ്രസ്താവന ഭരണഘടനാ വിരുദ്ധവും സത്യപ്രതിജ്ഞാ ലംഘനവുമാണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാസ്റ്റർ. ആരാണ് വിമാനങ്ങൾ നൽകുന്നത് എന്ന് മുഖ്യമന്ത്രി പറയുന്നില്ല, ഇത് ഒരു മുഖ്യമന്ത്രിക്ക് ചേരുന്നതല്ല. സ്ഥിരമായി ഇത് തുടരുമെന്ന് പറയാൻ ഒരു മുഖ്യമന്ത്രിക്കും അധികാരമില്ല. അതിനെ പ്രതിപക്ഷം ശക്തമായി എതിർക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ആരുടെ സ്പോൺസർഷിപ്പിലാണ് മംഗലാപുരത്തേക്കും മലപ്പുറത്തേക്കും പോയതെന്ന് വ്യക്തമാക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മന്ത്രിമാർ ഈ നിലപാട് സ്വീകരിച്ചാൽ ഉദ്യോഗസ്ഥരും ഇതു തന്നെയാണ് ആവർത്തിക്കുക. അങ്ങനെവന്നാൽ അഴിമതിക്കളമായി കേരളം മാറും. പേര് പറയുന്നതിൽ എന്താണ് പ്രശ്നം. അല്ലാതെ ഒളിച്ചുവെക്കേണ്ട കാര്യമില്ലല്ലോ എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എംഡിഎംഎ കള്ളക്കടത്തുമായി ബന്ധപ്പെട്ടവർ പിടിക്കപ്പെട്ടപ്പോൾ അവർക്ക് മുഖ്യമന്ത്രിയുമായി ബന്ധമുണ്ടെന്ന് അവർതന്നെ പറഞ്ഞു. പക്ഷെ, അന്വേഷണമില്ല, ചോദ്യം ചെയ്യുന്നില്ല, ഫോൺ പോലും പരിശോധിക്കുന്നില്ല. അതിൽ ദുരൂഹതയുണ്ടെന്നും ഗോവിന്ദൻ പ്രതികരിച്ചു.

ചാർട്ടേഡ് വിമാനത്തിൽ ദുരിതബാധിത മേഖല സന്ദർശിക്കാൻ യാത്രചെയ്തതിനെ ന്യായീകരിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്നലെ രംഗത്തെത്തിയിരുന്നു. സർക്കാർപണം ചെലവാക്കിയല്ല താൻ യാത്ര ചെയ്തതെന്നും ഇനിയും യാത്രചെയ്യുമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ദുരന്തനിവാരണത്തിൽ രാജ്യത്തിന് മാതൃകയാക്കാവുന്ന കാര്യമാണ് താൻ ചെയ്തതെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ പണം ഇത്തരം യാത്രകൾക്ക് ചെലവാക്കാനുള്ളതല്ലെന്നും അദ്ദേഹം അവകാശപ്പെട്ടു. മുൻ മുഖ്യമന്ത്രിമാരായ പിണറായി വിജയനും ഉമ്മൻചാണ്ടിയും സ്വകാര്യ വിമാനങ്ങളിൽ യാത്ര ചെയ്തിട്ടുണ്ടെന്നും സതീശൻ ചൂണ്ടിക്കാട്ടിയിരുന്നു.

റെയ്ഡിനിടെ പിടിച്ചെടുത്ത 6200 ഡോളർ തിരികെ വേണം, ആന്റോ അഗസ്റ്റിൻ കോടതിയിൽ

കളമശ്ശേരി: മെസ്സി തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട പ്രത്യേക അന്വേഷണ സംഘത്തിൻറ റെയ്ഡിനിടെ റിപ്പോർട്ടർ ചാനൽ ഓഫിസിൽനിന്ന് പിടിച്ചെടുത്ത ഡോളർ തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് ആന്റോ അഗസ്റ്റിൻ കളമശ്ശേരി മജിസ്ട്രേറ്റ് കോടതിയെ സമീപിച്ചു. 6,500 ഡോളറാണ് റെയ്ഡിൽ പിടിച്ചെടുത്തത്.

ഡോളറിന്റെ പൂർണ കസ്റ്റോഡിയൻ താനാണെന്നും അതിൽ മറ്റാർക്കും അവകാശമില്ലെന്നും അത് തനിക്ക് തന്നെ തിരികെ നൽകണമെന്നുമാണ് കോടതിയിൽ നൽകിയ അപേക്ഷയിൽ ആന്റോ ഉന്നയിച്ചിരിക്കുന്നത്. എന്നാൽ, ഈ പണം തിരികെ നൽകാൻ കഴിയില്ലെന്ന നിലപാടാണ് പൊലീസ് കോടതിയിൽ സ്വീകരിച്ചത്. പിടിച്ചെടുത്ത കറൻസികളിൽ ചിലത് വ്യാജമാണോ എന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സംശയങ്ങളുണ്ടെന്നാണ് പൊലീസ് കോടതിയിൽ കൊടുത്ത റിപ്പോർട്ടിൽ പറയുന്നത്. വിദേശ പണത്തിന്റെ ഉറവിടത്തെക്കുറിച്ച് വ്യക്തമായ അന്വേഷണം വേണമെന്നാണ് പൊലീസിന്റെ നിലപാട്.

ഇതുമായി ബന്ധപ്പെട്ട് അന്വേഷിക്കാൻ ആദായനികുതി വകുപ്പിനും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനും പൊലീസ് വിവരങ്ങൾ കൈമാറിയിട്ടുണ്ട്. പൊലീസും അന്വേഷിക്കുന്നുണ്ട്. പരിശോധനകൾ പൂർത്തിയായശേഷം മാത്രമേ പണം തിരികെ നൽകാൻ കഴിയൂ എന്നാണ് പൊലീസ് അറിയിച്ചിരിക്കുന്നത്. ആന്റോ അഗസ്റ്റിൻ നൽകിയ അപേക്ഷ വരും ദിവസങ്ങളിൽ കളമശ്ശേരി മജിസ്ട്രേറ്റ് കോടതി പരിഗണിക്കും. മെസ്സിയെ കേരളത്തിലെത്തിക്കുമെന്ന് പറഞ്ഞ് നടത്തിയ തട്ടിപ്പിലാണ് എസ്.ഐ.ടി അന്വേഷണം നടക്കുന്നത്.

അതേസമയം, മെസ്സി തട്ടിപ്പ് കേസിൽ ആൻറോയുടെ മുൻകൂർ ജാമ്യാപേക്ഷ വിധി പറയാനായി മാറ്റി. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി വെള്ളിയാഴ്ച വിധി പറയും. നിലവിൽ അറസ്റ്റിന് നീക്കമില്ലെന്ന് പൊലീസ് കോടതിയിൽ അറിയിച്ചു.

തൃശ്ശൂരിന് ഹൃദയം സമ്മാനിച്ച ഡോ. പി.എം. വർക്കിക്ക് തൃശ്ശൂർ പൗരാവലിയുടെ സ്മരണാഞ്ജലി

തൃശൂർ: എഴുപതുകളിൽ കേരളത്തിലെ ആദ്യ സഹകരണ ആശുപത്രി, കാൻസർ സൊസൈറ്റി, ഹാർട്ട് ഫൗണ്ടേഷൻ എന്നിവ തൃശ്ശൂരിൽ സ്ഥാപിച്ച ഹൃദ്രോഗ വിദഗ്ധൻ ഡോക്ടർ പി.എം. വർക്കിക്ക് തൃശ്ശൂർ പൗരാവലി ആദരാഞ്ജലി അർപ്പിക്കും. വെള്ളിയാഴ്ച (സെപ്റ്റംബർ 25) വൈകിട്ട് 4ന് ആരംഭിക്കുന്ന സംസ്കാര ശുശ്രൂഷയ്ക്ക് ശേഷം തൃശ്ശൂർ ബസിലിക്ക പള്ളി ഹാളിലാണ് അനുസ്മരണ യോഗം സംഘടിപ്പിച്ചിരിക്കുന്നത്. പതിറ്റാണ്ടുകൾക്ക് മുമ്പ് വിദേശത്തുനിന്ന് ഉന്നത ബിരുദങ്ങൾ നേടിയിട്ടും നാടിനെയും സാധാരണക്കാരെയും സേവിക്കാൻ ജീവിതം ഉഴിഞ്ഞുവെച്ച ഭിഷഗ്വരനായിരുന്നു ഡോ. പി.എം. വർക്കി. ജനനംകൊണ്ട് കോട്ടയം ജില്ലക്കാരനാണെങ്കിലും, തൃശ്ശൂരിന്റെ മണ്ണിലാണ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ സമസ്ത വേരുകളും ഊന്നിയത്. മേയർ ഡോക്ടർ നിജി ജസ്റ്റിന്റെ അധ്യക്ഷതയിൽ ചേരുന്ന അനുശോചന യോഗത്തിൽ സംസ്ഥാന കായിക മന്ത്രി അഡ്വ. ഒ.ജെ. ജനീഷ് മുഖ്യപ്രഭാഷണം നടത്തും. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, സി.എം.ഐ. ദേവമാത വൈസ് പ്രൊവിൻഷ്യൽ ഫാ. സണ്ണി പുന്നേലിപ്പറമ്പിൽ, എം.എൽ.എ. മാരായ അഡ്വ. കെ രാജൻ, രാജൻ ജെ. പല്ലൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, സി.പി.ഐ.(എം). ജില്ലാ സെക്രട്ടറി കെ.വി.അബ്ദുൾ ഖാദർ, ബിജെപി ജില്ലാ പ്രസിഡണ്ട് ജസ്റ്റിൻ ജേക്കബ്, ഡിസിസി പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റ്, സി.പി.ഐ. ജില്ലാ സെക്രട്ടറി കെ.ജി. ശിവാനന്ദൻ, കൗൺസിലർ ബൈജൂ വർഗ്ഗീസ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സി.ഇ.ഒ. ഡോ. ബെന്നി നീലങ്കാവിൽ എന്നിവർ പങ്കെടുക്കും.

ജില്ലാ ബാങ്ക് മുൻ പ്രസിഡണ്ട് രാധാകൃഷ്ണൻ (അപ്പുട്ടേട്ടൻ അന്തരിച്ചു

തൃശൂർ: ജില്ലാ ബാങ്ക് മുൻ പ്രസിഡണ്ടും സി.പി.എം.നേതാവുമായ ചെറുതുരുത്തി ചിത്തിരയിൽ കെ.പി.രാധാകൃഷ്ണൻ (അപ്പുട്ടേട്ടൻ -80) അന്തരിച്ചു. ഇന്ന് വെളുപ്പിനായിരുന്നു അന്ത്യം. വള്ളത്തോൾ പഞ്ചായത്തിൽ ദീർഘകാലം പ്രസിഡണ്ടു കൂടിയായിരുന്നു അപ്പുട്ടേട്ടൻ. സി.പി.എം.ജില്ലാ കമ്മറ്റി അനുശോചിച്ചു.

കോടതി പരസ്യം

ബഹു. തൃശ്ശൂർ പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

OS 1001/2022

റിസോഴ്സ് ഇന്ത്യ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ

-അന്യായം

1) തൃശ്ശൂർ താലൂക്ക് വിൽവട്ടം വില്ലേജ് കുറ്റുമുക്ക് ദേശത്ത് (പി.ഒ. കുറ്റുമുക്ക് -680631) നൊച്ചുവളപ്പിൽ പ്രസുൻ ഭാര്യ 40 വയസ്സ് രജിത പ്രസൂൻ

2) തൃശ്ശൂർ താലൂക്ക് വിൽവട്ടം വില്ലേജ് കുറ്റുമുക്ക് ദേശത്ത് (പി.ഒ. കുറ്റുമുക്ക് -680631) നൊച്ചുവളപ്പിൽ 1-ാം പ്രതിയുടെ ഭർത്താവും, പണയംപറമ്പിൽ കൊങ്ങാടൻ പീതാംബരൻ മകനുമായ 45 വയസ്സ് പ്രസൂൻ പി. കെ.

3) തൃശ്ശൂർ താലൂക്ക് വിൽവട്ടം വില്ലേജ് കുറ്റുമുക്ക് ദേശത്ത് (പി.ഒ. കുറ്റുമുക്ക് -680631) നൊച്ചുവളപ്പിൽ ശങ്കരൻകുട്ടി മകൻ 43 വയസ്സ് രതീഷ്. എൻ

-1, 2, 4 പ്രതികൾ

മേൽ നമ്പറിൽ 1, 2, 4 പ്രതികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപിച്ച് മേൽ നമ്പർ കേസ് **19-11-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറി യിച്ചുകൊള്ളുന്നു.

എന്ന്, 24-9-2026

അന്യായഭാഗം അഡ്വക്കെറ്റ്

ആന്റോ ഡേവീസ് എ

(ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട സബ് കോടതി മുമ്പാകെ

O.S. 202/2025

ഫെഡറൽ ബാങ്ക് ലിമിറ്റഡ്, കൊരട്ടി

-വാദി

Silju K.B., S/o. Koottunkal Babu, Meloor

- പ്രതി

മേൽനമ്പറിലെ പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ച് നടത്തുവാൻ കൽപ്പിച്ച് കേസ്സ് **10-12-2026** തിയ്യതിയ്ക്ക് വെച്ചിരിക്കുന്നു. ടി കേസിൽഅന്നേ ദിവസം രാവിലെ 11.00 മണിയ്ക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്ത പക്ഷം നിങ്ങളെ കേസ്സ് തീർ പ്പാക്കുമെന്ന്അറിയി ക്കുന്നു.

എന്ന് 24-9-2026

വാദി ഭാഗം അഡ്വക്കേറ്റ്

രജിത് ഡേവീസ്

(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

OP. 1432/2025

നന്ദന കെ.എസ്.

-ഹരജിക്കാരി

തൃശൂർ ജില്ല, ചാവക്കാട് താലൂക്ക്, തൈക്കാട് വില്ലേജ്, തൈക്കാട് പി.ഒ., പിൻ: 680 104, തെക്കൂട്ട വീട്ടിൽ ചന്ദ്രൻ മകൻ, 39 വയസ്സ് പ്രശോഭ്

-എതൃകക്ഷി

എതൃകക്ഷിയിൽ നിന്നും വിവാഹമോചനം ലഭിക്കുന്നതിനുവേണ്ടിയാണ് മേൽ മേൽ നമ്പർ ഹരജി ബോധിപ്പിച്ച മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് **05-11-2026** തിയ്യതിയിലേക്ക് വച്ചിട്ടുള്ളതാണ്. മേൽ കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു.കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം എതൃകക്ഷിയെ കൂടാതെ കേസിൽ തീർപ്പു കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 10-9-2026

ഹരജിഭാഗം അഡ്വക്കെറ്റ്:

എം.എ.ബിജു (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

മന്ത്രിമാർ ആകാശകറക്കത്തിൽ; ജനം ഇരുട്ടിൽ: തോമാസ് ഐസക്

തൃശൂർ: മുഖ്യമന്ത്രിയും , മന്ത്രിമാരുംസ്പോൺസേർഡ് വിമാനങ്ങളിൽസ്വന്തം കാര്യങ്ങൾക്കായിവിദേശ കറക്കം നടത്തുമ്പോൾ കേരളീയർ ഇരുട്ടിൽ കഴിയുന്ന ദുരവസ്ഥക്കെതിരെയു ഡി.എഫ്. സർക്കാർ വലിയ വില നൽകേണ്ടിവരുമെന്ന്; സി പി .ഐ.എം. കേന്ദ്ര കമ്മറ്റി അംഗവും, മുൻ സംസ്ഥാന ധനമന്ത്രിയുമായ ഡോ: തോമാസ് ഐസക് .. തൃശൂരിൽ വാർത്താ സമ്മേളനത്തിൽ സീ സാരിക്കുകയായിരുന്നു അദ്ദേഹം. വികസന പ്രവർ ത്തനങ്ങളെ പുറകോട്ടടിക്കുന്ന സർക്കാർ പൂർണ്ണമായും സ്പോൺസേർഡ് സർക്കാരായി മാറിയെന്നും തോമസ് ഐസക് ആരോപിച്ചു.

മുഖ്യമന്ത്രിയും , മന്ത്രിമാരും വിദേശ യാത്ര നടത്തിയതിന് സ്പോൺസർ മാർക്ക് എന്ത് പ്രത്യുപകാരമാണ് വാഗ്ദാനം ചെയ്തെന്ന് വ്യക്തമാക്കാൻ തയ്യാറാകണം. അഴിമതി നിരോധന നിയമം 7 – 11 വകുപ്പുകൾ പ്രകാരം സ്വകാര്യത പരിശോധിക്കപ്പെടണം. മുഖ്യമന്ത്രി ആദ്യം നടത്തിയ മിന്നൽ വിമാന യാത്രയിലൂടെഅദാനിക്ക് തൂത്തു കുടിയിൽ വാർഫ് ലഭ്യമാക്കൽ അറിവായ കാര്യമാണെന്നും ഐസക് ചൂണ്ടിക്കാട്ടി.

ക്ഷേമപെൻഷൻ ഇന്ന് മുതൽ

തൃശ്ശൂർ: സംസ്ഥാനത്തെ ക്ഷേമപെൻഷൻ വിതരണം ഇന്ന് മുതൽ വിതരണം ചെയ്യും. ഇതിനായി 1068 കോടി അനുവദിച്ച് സർക്കാർ. സെപ്റ്റംബർ മാസത്തെ പെൻഷനാണ് നൽകുക.

പി. ടി. എ. ഭാരവാഹികൾ

അവിട്ടത്തൂർ : എൽ. ബി. എസ്. എം. ഹയർ സെക്കണ്ടറി സ്കൂൾ പി.ടി.എ. വാർഷിക പൊതുയോഗം സ്കൂൾ മാനേജർ എ.സി. സുരേഷ് ഉദ്ഘാടനം ചെയ്തു. പി. ടി. എ. പ്രസിഡണ്ട് ജോസഫ് അക്കരക്കാരൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. എ.വി. രാജേഷ്, പ്രധാനധ്യാപിക എൻ. എസ്. രജനിശ്രീ , കെ.കെ. കൃഷ്ണൻ നമ്പൂതിരി, ഡി. ഹസിത, വി.വി. ശ്രീല , ദർശന വാരിയർ എന്നിവർ പ്രസംഗിച്ചു. പുതിയ പി. ടി. എ. ഭാരവാഹികൾ : എൻ. എസ്. പ്രസാദ് (പ്രസിഡണ്ട്) , സുമിത രതീഷ് (വൈസ് പ്രസിഡണ്ട്) , സവിത ബിഷോയ് (മാതൃസംഗം പ്രസിഡണ്ട്).

പുല്ലൂർ നാടകരാവ് ഒക്ടോബർ 17 മുതൽ 23 വരെ

ഇരിങ്ങാലക്കുട : പുല്ലൂർ ചമയം നാടകവേദിയുടെ 29–ാം വാർഷികാഘോഷത്തോടനുബന്ധിച്ച് ഒക്ടോബർ 17 മുതൽ 23 വരെ ഇരിങ്ങാലക്കുട ടൗൺ ഹാളിൽ പുല്ലൂർ നാടകരാവ് അരങ്ങേറുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

ചലച്ചിത്രപ്രതിഭ സലിംകുമാറിനുള്ള സമർപ്പണമായാണ് നാടകരാവ് അരങ്ങേറുന്നത്.

മുൻ മുരിയാട് പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദേവസ്സിയുടെയും എളന്തോളി മാണിക്കുട്ടിയുടെയും സ്മരണയ്ക്കായാണ് സംസ്ഥാന പ്രൊഫഷണൽ നാടകമേള സംഘടിപ്പിച്ചിട്ടുള്ളത്.

ഇത്തവണ 7 ദിവസവും രാവിലെ 9 മണി മുതൽ 10 മണി വരെ വ്യത്യസ്തങ്ങളായ പരിപാടികളാണ് അരങ്ങേറുന്നത്.

ഒന്നാം ദിവസം വൈകീട്ട് 5 മണിക്ക് മുണ്ടിയംപാട്ട്, 5.30ന് മോഹിനിയാട്ടം, ഉദ്ഘാടന സമ്മേളനം, തുടർന്ന് ഡ്രീം കേരളയുടെ നാടകം 'ഊരുവലം'.

രണ്ടാം ദിവസമായ ഒക്ടോബർ 18ന് രാവിലെ 9 മണിക്ക് തിരുവാതിരക്കളി മത്സരം, ഉച്ചയ്ക്ക് 2 മണിക്ക് കവിയരങ്ങ്, വൈകീട്ട് 5 മണിക്ക് ഭരതനാട്യം, 7ന് ചങ്ങനാശ്ശേരി അണിയറയുടെ നാടകം 'തിര'. തിരുവാതിരക്കളി മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 10നു മുൻപായി 9539995000, 9446548520 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. വിജയികളാകുന്ന ആദ്യ മൂന്ന് സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസും മൊമെന്റോയും ലഭിക്കും.

മൂന്നാം ദിവസമായ ഒക്ടോബർ 19ന് രാവിലെ 9 മണിക്ക് ഇന്നസെന്റ് സ്മാരക ഫിലിം സൊസൈറ്റി ഇരിങ്ങാലക്കുട ഒരുക്കുന്ന ഫിലിം ഫെസ്റ്റിവൽ, വൈകീട്ട് 5 മണിക്ക് ഒറ്റയാൾ നാടകം 'ഭടൻ', 5.30ന് കുച്ചിപ്പുടി, 7.30ന് തിരുവനന്തപുരം സചേതനയുടെ നാടകം 'ഡാം' എന്നിവ അരങ്ങേറും.

നാലാം ദിവസമായ 20ന് രാവിലെ 9 മണിക്ക് പൂക്കള മത്സരം, ഉച്ചയ്ക്ക് 2 മണിക്ക് കവിയരങ്ങ്, വൈകീട്ട് 6ന് ഭരതനാട്യം, 7.30ന് വെഞ്ഞാറമൂട് സൗപർണികയുടെ നാടകം 'പടയോട്ടം'. പൂക്കള മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഒക്ടോബർ 10ന് മുൻപായി 946905656 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. വിജയികളാകുന്ന ആദ്യ മൂന്ന് സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസും മൊമെന്റോയും ലഭിക്കും.

അഞ്ചാം ദിവസമായ ഒക്ടോബർ 21ന് രാവിലെ 9 മണിക്ക് വയലാർ ചലച്ചിത്ര ഗാനാലാപന മത്സരം. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഒക്ടോബർ 10ന് മുൻപായി 9061878930 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. വിജയികളാകുന്ന ആദ്യ മൂന്ന് സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസും മൊമെന്റോയും ലഭിക്കും. വൈകീട്ട് 5ന് ഒറ്റയാൾ നാടകം. 7.30ന് പത്തനാപുരം ഗാന്ധിഭവന്റെ നാടകം 'കൂട്'.

ആറാം ദിവസം ഒക്ടോബർ 22ന് രാവിലെ 10 മണിക്ക് ഓൺലൈൻ ഓണോത്സവ ഗാനമത്സരം. 2026ൽ യൂട്യൂബ് വഴി മലയാളത്തിൽ പുറത്തിറങ്ങിയ ഓണോത്സവ ഗാനങ്ങളാണ് പരിഗണിക്കുക. ഗാനങ്ങൾ സ്ക്രീനിൽ പ്രദർശിപ്പിച്ച് അതിൽ നിന്നും മികച്ച ഗാനാവതരണം, രചന, ആലാപനം എന്നിവ തെരഞ്ഞെടുത്ത് ക്യാഷ് അവാർഡുകളും ശില്പവും സമ്മാനമായി നൽകും. താല്പര്യമുള്ളവർ ഗാനങ്ങളുടെ ലിങ്ക് ഒക്ടോബർ 10നു മുൻപ് 9447892455 എന്ന നമ്പറിൽ വാട്സ്ആപ്പ് ചെയ്യുക. വൈകീട്ട് 3 മണിക്ക് സെമിനാർ, 5.30ന് മോഹിനിയാട്ടം, 7.30ന് അമ്പലപ്പുഴ സാരഥിയുടെ നാടകം 'ഞാൻ അപ്രസക്തൻ'.

ഏഴാം ദിവസമായ ഒക്ടോബർ 23ന് രാവിലെ 10 മണിക്ക് സെമിനാർ, ഉച്ചയ്ക്ക് 2ന് വോയിസ് ഓഫ് നന്മ അവതരിപ്പിക്കുന്ന ഗാനമേള, 5ന് ഭരതനാട്യം, തുടർന്ന് സമാപന സമ്മേളനം, 7.30ന് ചിറയിൻകീഴ് അനുഗ്രഹയുടെ നാടകം 'കുമ്മാട്ടി'.

കൂടാതെ വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ ആദരിക്കും.

നാടകരാവിന്റെ ഔദ്യോഗിക ചടങ്ങുകളിൽ മന്ത്രി ഒ.ജെ. ജനീഷ്, അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎ, മുൻ മന്ത്രി ഡോ. ആർ. ബിന്ദു, നഗരസഭ ചെയർമാൻ എം.പി. ജാക്സൺ, മുൻ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് എംഎൽഎ, ചലച്ചിത്രതാരങ്ങളായ ടി.ജി. രവി, കലാഭവൻ ഷാജോൺ, ഇടവേള ബാബു, ജൂനിയർ ഇന്നസെന്റ്, സംവിധായകൻ അമ്പിളി, സംഗീതസംവിധായകൻ വിദ്യാധരൻ മാസ്റ്റർ, ഡോ. ആർ.എൽ.വി. രാമകൃഷ്ണൻ എന്നിവർ പങ്കെടുക്കും.

രക്ഷാധികാരി ഡോ. പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ചെയർമാൻ എ.എൻ. രാജൻ, ജനറൽ കൺവീനർ സജു ചന്ദ്രൻ, സെക്രട്ടറി വേണു എളന്തോളി, മീഡിയ കൺവീനർ മനുരാജ് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പവർകട്ട് പിൻവലിക്കണം

തൃശ്ശൂർ: സമസ്ത മേഖലകളും നിശ്ചലമാക്കുന്ന പവർട്ട് ഉടൻ പിൻവലിക്കാത്ത പക്ഷം വൈദ്യുതിമന്ത്രി തൽസ്ഥാനത്തു നിന്നും രാജിവെക്കണമെന്ന് എൻ. സി. പി.(എസ്.പി.) സംസ്ഥാന ജനറൽ സെക്രട്ടറി വേണു വെണ്ണറ ആവശ്യപ്പെട്ടു. പവർകട്ടിനെതരെ ജില്ലാമ്മിറ്റി, തൃശ്ശൂർ താലൂക്ക് ഓഫീസിനു മുന്നിൽ നടത്തിയ ധർണ്ണ ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകായിരന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് ഡോ.കെ.എം. സൈനുദ്ദീൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിമാരായ എൻ. എം.കൃഷ്ണൻകട്ടി, അഡ്വ. കെ.ജെ.റാഫി, ജില്ലാഭാരവാഹികളായ ഹസ്സൻ, മോഹൻദാസ്, വി.എം. നയന, എബിൻ, വിജയൻ പേരാമ്പ്ര, ബ്ലോക്ക് പ്രസിഡൻറായ പുഷ്പാകരൻ, കുര്യൻ, വിഷ്ണുപ്രസാദ്, ബിജു പൗലോസ്, ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

തൊടുപുഴയിൽ നടന്ന സംസ്ഥാനതല നീന്തൽ മത്സരത്തിൽ 70 പ്ലസ് കാറ്റഗറിയിൽ രണ്ടു സ്വർണ്ണവും ഒരു വെള്ളിയും നേടിയ മുൻ പ്രവാസി കൂടിയായ അരവിന്ദൻ പീണിക്കയെയും 2026 CSIR-NET പരീക്ഷയിൽ ദേശീയ തലത്തിൽ 28 വേ റാങ്ക് നേടിയ ബ്ലെസി കെ ബിജു വിനെയും ആളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ വച്ച് ആദരിച്ചു.

അലോഷ്യസിൽ പൂര വിസ്മയം

കഴിഞ്ഞ അക്കാദമിക വർഷം മേയർ ഡോ. നിജി ജസ്റ്റിൻ സാഹിത്യ അക്കാദമി ഹാളിൽ ഉദ്ഘാടനം ചെയ്ത, പ്രശസ്ത എഴുത്തുകാരും പ്രമുഖ ചരിത്രകാരന്മാരും സാംസ്കാരിക നായകരും പങ്കെടുത്ത "പൂര വിസ്മയം" പരമ്പരയുടെ തുടർച്ചയായാണ് ഈ പ്രഭാഷണം സംഘടിപ്പിച്ചത്.

ഒളരി: എൽത്തുരുത്ത് സെൻറ് അലോഷ്യസ് കോളേജിലെ റിസർച്ച് ആൻഡ് പി.ജി. ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷും സെൻ്റർ ഫോർ ഇന്ത്യൻ നോളജ് സിസ്റ്റം (IKS) സംയുക്തമായി സംഘടിപ്പിക്കുന്ന "ബ്രിഡ്ജ് കണക്റ്റിംഗ് ദ ഹെറിറ്റേജ് ആൻഡ് ഫ്യൂച്ചർ"എന്ന വിഷയത്തിലുള്ള പ്രഭാഷണം ഓഡിറ്റോറിയത്തിൽ നടന്നു. പരിപാടിയോടനുബന്ധിച്ച് സെന്റ് അലോഷ്യസ് കോളേജിലെ IKS സെന്ററിന്റെ ഔദ്യോഗിക ഉദ്ഘാടനം കോളേജ് അഡ്മിനിസ്ട്രേറ്റർ റവ. ഫാ. അരുൺ ജോസ് കെ. ഇങ്കക നിർവഹിച്ചു. പ്രിൻസിപ്പൽ പ്രൊഫ. ഡോ. സുധീർ സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ഫോക് ആർട്സ് പീപ്പിളിന്റെ സ്ഥാപകയും കൾച്ചറൽ ക്യൂറേറ്ററുമായ കൃഷ്ണ കൃഷ്ണകുമാർ പ്രഭാഷണം നയിച്ചു. തൃശ്ശൂർ പൂരത്തിന്റെ സൂക്ഷ്മതലങ്ങളും സാംസ്കാരിക സവിശേഷതകളും ആയിരിരുന്നു പ്രഭാഷണത്തിന്റെ പ്രധാന പ്രമേയം.

പൂരത്തോട് അനുബന്ധിച്ചുള്ള പരമ്പരാഗത വിജ്ഞാന സമ്പ്രദായങ്ങൾ, സാംസ്കാരിക മൂല്യങ്ങൾ, സാഹിത്യം, സമകാലിക കാഴ്ചപ്പാടുകൾ എന്നിവയെക്കുറിച്ച് സംവദിക്കുന്നതിനുള്ള ഒരു വേദിയായിരുന്നു ഈ പരമ്പരയെന്ന് പരിപാടിയുടെ സംഘാടകരായ പ്രൊഫസർ ഡോ. ബെറ്റ്സി പോൾ സി, ഐ.കെ.എസ്. കോർഡിനേറ്റർ ഡോ. സന്ധ്യ ജയചന്ദ്രൻ, റിസർച്ച് ആൻഡ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് മേധാവി സൂസൻ ജോഷി, ഡോ. അതീത കെ. ഉണ്ണി, അമൃത ഇ. എം., സുകൃതി സദാനന്ദൻ എന്നിവർ പറഞ്ഞു.

പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: കേരള ജനതയെ ഇരുട്ടിലാക്കിയ യുഡിഎഫ് സർക്കാരിന്റെ പവർക്കട്ടിനെതിരെ എഐടിയുസി ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റി ഇരിങ്ങാലക്കുട കെഎസ്ഇബി ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു.

എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. എഐടിയുസി മണ്ഡലം പ്രസിഡന്റ് റഷീദ് കാറളത്തിന്റെ അധ്യക്ഷതയിൽ മണ്ഡലം സെക്രട്ടറി കെ.കെ ശിവൻ സ്വാഗതവും കെ.എസ് പ്രസാദ് നന്ദിയും പറഞ്ഞു.

എഐടിയുസി ജില്ലാ സെക്രട്ടറി ടി.കെ സുധീഷ്, സിപിഐ മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ്, ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങളായ എ.എസ് റസിൽ, കെ.സി ഹരിദാസ്, മണ്ഡലം വൈസ് പ്രസിഡന്റ് മോഹനൻ വലിയാട്ടിൽ, ഇരിങ്ങാലക്കുട റേഞ്ച് ചെത്ത് തൊഴിലാളി യൂണിയൻ സെക്രട്ടറി കെ.വി രാമകൃഷ്ണൻ എന്നിവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു. സഖാക്കൾ എൻ.ഡി ധനേഷ്, ടി.ആർ സുനിൽ, കെ.സി സജയൻ, സി.കെ ദാസൻ, കെ.പി രാജൻ, ജിഷ ബാബു, ബീന സുരേഷ്, മോഹൻലാൽ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

ഉയരും നൂറോളം തുഞ്ചൻ പ്രതിമകൾ

തൃശൂർ: എഴുത്തച്ഛൻ സമുദായാചാര്യൻ കൂടിയായ ഭാഷാ പിതാവ് തുഞ്ചത്ത് രാമാനുജനെഴുത്തച്ഛന്റെ നൂറ് പ്രതിമകൾസ്ഥാപിക്കുമെന്ന് അഖില കേരള എഴുത്തച്ഛൻ സമാജം സംസ്ഥാന കമ്മറ്റി പ്രസിഡണ്ട് അഡ്വ: പി.ആർ. സുരേഷ് അറിയിച്ചു.

ആദ്യ പ്രതിമാ സ്ഥാപനം തൃശൂർ പെരിഞ്ചേരിയിൽ എഴുത്തച്ഛൻ സമാജം ശാഖയിൽ നടത്തും. ശില്പി രാജനാണ് പ്രതിമാ രൂപകല്പന ചെയൂന്നത്.

മലപ്പുറം, പാലക്കാട്, കോഴിക്കോട്ജില്ലകളിലെ സമാജം ശാഖകളാലാണ് പ്രതിമകൾ സ്ഥാപിക്കുക.

വാഹനാപകടം: സ്ത്രീ മരിച്ചു

പുതുക്കാട്: ഇന്ന് രാവിലെ പുതുക്കാട് പള്ളി യിലേക്ക് നടന്നുപോകുന്നതിന് റോഡ് മുറിച്ചുകടക്കവെ വാഹനമിടിച്ച് വയോധിക മരിച്ചു. അശോക റോഡിൽ തെക്കുംപുറം ദേവസി ഭാര്യ ബേബി(68) ആണ് മരിച്ചത്. മക്കൾ-ബിറ്റി, സിൽവി, സിബി. മരുമക്കൾ-ആന്റു, ജോജി.

പുതുക്കാട് പോലീസ് മേൽനടപടികൾ സ്വീകരിച്ചു മൃതദേഹം പുതുക്കാട് ഗവ. ഹോസ്പിറ്റലിലേക്ക് മാറ്റി.

ബാങ്കുകൾ ഞായറാഴ്ച തുറക്കും

തൃശ്ശൂർ: ബാങ്ക് ജീവനക്കാരുടെ സംഘടനകൾ ആഹ്വാനം ചെയ്ത രണ്ടാം ഘട്ട ത്രിദിന പണിമുടക്ക് 28 മുതൽ . 26–ാം തിയതി 4–ാം ശനിയാഴ്ച ആയതിനാൽ ബാങ്ക് അവധിയാണ്. പണിമുടക്ക് കാരണം പൊതുജനങ്ങൾക്ക് ബാങ്കിങ് സേവനങ്ങൾ തടസ്സപ്പെടാതിരിക്കാൻ രാജ്യത്തെ എല്ലാ പൊതുമേഖലാ, പ്രാദേശിക ബാങ്കുകളും സെപ്റ്റംബർ 27 ഞായറാഴ്ച സാധാരണ പോലെ തുറന്നു പ്രവർത്തിക്കും. റിസർവ് ബാങ്ക് അനുമതി നൽകി.

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിലെ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കായി നടത്തിയ സെമിനാർ എം.എൽ.എ രാജൻ ജെ. പല്ലൻ ഉദ്ഘാടനം ചെയ്യുന്നു.

തൃശൂർ കോർപ്പറേഷനെതിരെ വിധി

വാട്ടർ ബില്ലുകൾ റദ്ദ് ചെയ്യണം, ജപ്തി നടപടികൾ സ്വീകരിക്കരുത്, നഷ്ടവും ചിലവുമായി 15000 രൂപ നൽകുകയും വേണം

തൃശൂർ: കുടിശ്ശികയാരോപിച്ച് നൽകിയ വാട്ടർ ബില്ലുകൾ റദ്ദ് ചെയ്യുവാനും നഷ്ടവും ചിലവും നൽകുവാനും വിധി. തൃശൂർ ചെമ്പോട്ടിൽ ലൈനിലെ ശ്രീബുദ്ധ ലോഡ്ജ് ഉടമ രാഹുലൻ.കെ.ബി. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ കോർപ്പറേഷൻ സെക്രട്ടറിക്കെതിരെ ഇപ്രകാരം വിധിയായതു്. ലോഡ്ജിലെ കണക്ഷനുകളാണെന്നാരോപിച്ച് 14763 രൂപ വീതമുള്ള രണ്ട് വാട്ടർ ബില്ലുകൾ കോർപ്പറേഷൻ ഹർജിക്കാരന് നൽകുകയായിരുന്നു. 2006 മാർച്ച് മുതൽ 2016 ഒക്ടോബർ വരെ കാലഘട്ടത്തിലേക്കുള്ള ബില്ലുകളെന്ന് പറഞ്ഞാണ് നൽകുകയുണ്ടായത്.സംഖ്യ അടച്ചില്ലെങ്കിൽ ജപ്തി മുതലായ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു.ഇപ്രകാരം കണക്ഷനുകൾ സ്ഥാപനത്തിൽ ഉപയോഗിച്ചു വരാത്തതാണെന്നും ബില്ലുകൾ നിയമവിരുദ്ധമാണെന്നും ആരോപിച്ച് ഹർജി ഫയൽ ചെയ്യുകയായിരുന്നു.ബില്ലുകൾക്കാസ്പദമായ രേഖകൾ ഹാജരാക്കുവാൻ കോർപ്പറേഷന് കഴിഞ്ഞില്ല. ശരിയായ രേഖകളില്ലാതെ ഇപ്രകാരം സംഖ്യകൾ ആവശ്യപ്പെടുന്നതു് ബില്ലുകളുടെ വിശ്വാസ്യതയെ ബാധിക്കുമെന്ന് കോടതി നിരീക്ഷിച്ചു. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർ മാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് നല്കിയ ബില്ലുകൾ റദ്ദ് ചെയ്യുവാൻ കല്പിച്ചും ജപ്തി തുടങ്ങിയ നടപടികൾ സ്വീകരിക്കരുതെന്ന് കല്പിച്ചും നഷ്ടപരിഹാരമായി 10000 രൂപ നൽകുവാൻ കല്പിച്ചും ചിലവിലേക്ക് 5000 രൂപ നൽകുവാൻ കല്പിച്ചും വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

കുഞ്ഞുങ്ങൾക്കു ശസ്ത്രക്രിയ സാഹചര്യങ്ങൾ വർധിക്കുന്നു: 'ജൂബിലി അനസ്തേഷ്യ ഇൻസൈറ്റ്'

തൃശൂർ: കുട്ടികൾക്ക് അടിയന്തര ശസ്ത്രക്രിയകൾ അനിവാര്യമാകുന്ന സാഹചര്യങ്ങൾ വർധിക്കുകയാണെന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ 'ജൂബിലി അനസ്തേഷ്യ ഇൻസൈറ്റ്' ശിൽപശാലയിൽ പീഡിയാട്രിക് അനസ്തേഷ്യോളജിസ്റ്റ് വിദഗ്ധർ ചൂണ്ടിക്കാട്ടി. ജൂബിലി ആശുപത്രിയുടെ 75–ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ജൂബിലി മിഷനിലെ അനസ്തേഷ്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ്സ് തൃശൂരും ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക് അനസ്തേഷ്യോളജിസ്റ്റ്സ് കേരളയും സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.

ദുർബലരായ ശിശുക്കൾ, മാസം തികയുന്നതിന് മുമ്പ് ജനിച്ച കുഞ്ഞുങ്ങൾ തുടങ്ങിയ വിഭാഗത്തിലുള്ള കുഞ്ഞുങ്ങൾക്ക് അടിയന്തര ശസ്ത്രക്രിയ നടത്തേണ്ടി വരുമ്പോൾ ആവശ്യമായ കരുതലുകൾ അടക്കമുള്ള വിഷയങ്ങളാണ് ചർച്ചയായത്. ഈ മേഖലയിലെ പുതിയ ഗവേഷണങ്ങളും സാങ്കേതിക ഉപകരണ സംവിധാനങ്ങളും കേരളത്തിലേയും സിംഗപ്പൂരിലേയും വിദഗ്ധർ പങ്കുവച്ചു. 'ലിറ്റിൽ ഡീറ്റെയിൽസ് മാറ്റർ' എന്ന പരിപാടിയിൽ അനസ്തേഷ്യ വിദഗ്ധരും പ്രാക്ടീസ് ചെയ്യുന്ന ഉനസ്തേഷ്യോളജിസ്റ്റുകളും പങ്കെടുത്തു.

സിംഗപ്പൂരിലെ ഡോ. സതീഷ് റെഡ്ഡി, കൊച്ചിയിലെ ഡോ. ലക്ഷ്മി കുമാർ, ഡോ. രേഖ വർഗീസ്, ഡോ. ജെറി പോൾ, തൃശൂരിലെ ഡോ. എലിസബത്ത്, ഡോ. മറിയം കോശി, ഡോ. ഉഷ ഷേണായി, ഡോ. ജോ ജോൺ, ഡോ. സുഗത പ്രകാശ് തുടങ്ങിയ വിദഗ്ധർ നേതൃത്വം നൽകി.

ഡോ. മറിയം കോശി തോമസ് ഓർഗനൈസിങ് പ്രസിഡന്റും ഡോ. ഉഷ ഷേണായി സയന്റിഫിക് ചെയർപേഴ്സണും ഡോ. സ്മിത തോമസ് ഓർഗനൈസിങ് സെക്രട്ടറിയുമായ സംഘാടക സമിതിയാണ് പരിപാടികൾ ക്രമീകരിച്ചത്.

കുന്നംകുളത്ത് ഹൈബ്രിഡ് കഞ്ചാവുമായി പേരകം സ്വദേശി അറസ്റ്റിൽ

കുന്നംകുളം: 250 ഗ്രാമിലധികം ഹൈബ്രിഡ് കഞ്ചാവുമായി പേരകം സ്വദേശിയായ സഞ്ജയ് കുന്നംകുളം പോലീസിന്റെ പിടിയിൽ . ബസ്സിൽ കഞ്ചാവ് കടത്തുന്നതിനിടെയാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ബാംഗ്ലൂരിൽ നിന്ന് കഞ്ചാവ് കടത്തുന്നതായി ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും കുന്നംകുളം പോലീസും നടത്തിയ സംയുക്ത പരിശോധനയിൽ പ്രതിയെ പിടിച്ചത് . പേരകം മേഖലയിൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് വിതരണം ചെയ്യുന്നതിനാണ് ബാംഗ്ലൂരിൽ നിന്ന് കഞ്ചാവ് എത്തിച്ചതെന്നാണ് വിവരം . കഞ്ചാവ് നൽകിയവരെ കുറിച്ച് കൂടുതൽ അന്വേഷണം നടത്തുമെന്ന് കുന്നംകുളം സ്റ്റേഷൻ ഹൗസ് ഓഫീസർ അറിയിച്ചു.

ഇന്ന് ഗതാഗത നിയന്ത്രണം

തൃശൂർ സ്വരാജ് റൗണ്ട്: തൂഫാൻ ജാഗരൺ സന്ദേശ യാത്രയോടനുബന്ധിച്ച് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പരിപാടി ഉദ്ഘാടനം മന്ത്രി രമേശ് ചെന്നിത്തല 4.00.

ബസ്സിൽ നിന്ന് വീണ് വയോധികയ്ക്ക് പരിക്ക്

തൃശ്ശൂർ: വാടാനപ്പള്ളി ബസ്സിൽ നിന്നും തെറിച്ച് വീണ് വയോധികക്ക് പരിക്ക്.തമ്പാൻകടവ് സ്വദേശിനി കുട്ടൻപറമ്പത്ത് നന്ദിനി (69) ക്കാണ് പരിക്കേറ്റത്. രാവിലെ 9 മണിയോടെ വാടാനപ്പള്ളി ചിലങ്ക സെന്ററിന് പടിഞ്ഞാറ് ഭാഗത്ത് വെച്ചായിരുന്നു അപകടം. തലക്ക് പരിക്കേറ്റ ഇവരെ തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 413/2026

ലൈല

-ഹരജിക്കാരി

തൃശൂർ ജില്ല ചാവക്കാട് താലൂക്ക്വാടാനപ്പിള്ളിവില്ലേജ്, ദേശത്ത് വാടാനപ്പിള്ളി പി ഒ, പിൻ–680514 കണ്ണങ്കില്ലത്ത് ഇസ്മയിൽ മകൻ 29 വയസ് ഷമാസ് കെ ഐ 2) ഷാബിത, W/o. ഇസ്മയിൽ (ഫാൻസി ഔട്ട് ലുക്ക്), പത്താംകല്ല് ദേശം, വാടാനപ്പിള്ളി വില്ലേജ്–680614 തൃശൂർ ജില്ല ചാവക്കാട് താലൂക്ക്

- എതൃകക്ഷികൾ

മേൽ നമ്പർ ഹരജിയിൽ 1–ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **28–10–2026** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. മേൽ നമ്പർ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ ഹരജി നിങ്ങളെ കൂടാതെ തീർച്ചപ്പെടുത്തുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 24–9–2026
ഹരജിഭാഗം അഡ്വക്കേറ്റ്
സൗമ്യ വി എം (ഒപ്പ്)
വടക്കാഞ്ചേരി

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 379/2026

ലൈല

-ഹരജിക്കാരി

തൃശൂർ ജില്ല ചാവക്കാട് താലൂക്ക്വാടാനപ്പിള്ളിവില്ലേജ്, ദേശത്ത് വാടാനപ്പിള്ളി പി ഒ, പിൻ–680514 കണ്ണങ്കില്ലത്ത് ഇസ്മയിൽ മകൻ 29 വയസ് ഷമാസ് കെ ഐ

- എതൃകക്ഷി

മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **28–10–2026** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. മേൽ നമ്പർ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ ഹരജി നിങ്ങളെ കൂടാതെ തീർച്ചപ്പെടുത്തുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 24–9–2026
ഹരജിഭാഗം അഡ്വക്കേറ്റ്
സൗമ്യ വി എം (ഒപ്പ്)
വടക്കാഞ്ചേരി

കോടതി പരസ്യം

ബഹു. തൃശൂർ കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസൽ കമ്മീഷൻ (CDRC) മുമ്പാകെ

CC: 798/2025

Haneesh K.B., S/o. Baby, Residing at Kunnuparambil House, Chembuchira P.O., Mathathur Village, Pin-680684

-Complainant

Kelvinator, Ramanattukara, Calicut Road, Kerala
2) Meluha Home Mart., R.S. Road, Chalakudy

-Opposit Parties

മേൽ നമ്പറിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കമ്മീഷൻ മുമ്പാകെ പതിച്ച് നടത്താൻ കല്പിച്ച് മേൽനമ്പർ കേസ്സ് **17–12–2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. ആയതിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കമ്മീഷൻ മുമ്പാകെ ഹാജരായി ആക്ഷേപം അറിയിക്കേണ്ടതാണ് എന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 22–09–2026
ഹരജിഭാഗം അഡ്വക്കേറ്റ്
ബെന്നി പി തെക്കത്ത്
(ഒപ്പ്)

COURT NOTICE

BEFORE THE HONOURABLE MACT COURT THRISSUR

OP (MV): 938/2022

Muhammed Hashim P.H.

-Petitioner

Prabu E, S/o. Ezhumalai, Kangeyam, Kangeyam Taluk, Triruppur District, Tamilnadu-638701

-Respondent

The afforesaid Respondent take notice, the above petition is posted for appearance on **16-10-2026** at 11.00 am before this Tribunal, you are here by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date: 15/08/2026
Advocate for Petitioner
P K JOHN (Sd/-)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 37/2026

മഷ്ഹൂദ് പാലക്കൽ മജീദ്, Rep. by മുക്ത്യാർ ഏജന്റ് മസ്ന പി എം

-ഹരജിക്കാരൻ

ഹിബാ നിഷ ചിറക്കൽ D/o. നൗഷാദ്, ചിറക്കൽ ഹൗസ്, പെരിഞ്ചേരി പി ഒ. ഓമച്ചപുഴ, തിരൂർ താലൂക്ക് മലപ്പുറം ജില്ല

- എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് **09–10–2026** തിയ്യതിയിലേക്ക് വെച്ചിട്ടുള്ളതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 10–9–2026
ഹരജിക്കാരൻഭാഗം അഡ്വക്കേറ്റ്
അക്തർ അഹമ്മദ്
(ഒപ്പ്)